**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 19** **29-01-2024 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സിനെതിരെ പ്രതിഷേധിച്ചവർക്കെതിരെ നടന്ന ആക്രമണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാരിന്റെ നവകേരള സദസ്സിനെതിരെ പ്രതിഷേധിച്ച പ്രമുഖ പ്രതിപക്ഷ യുവജന സംഘടനാ പ്രവർത്തകർക്കെതിരെ ഭരണപക്ഷ യുവജന സംഘടനാ പ്രവർത്തകർ നടത്തിയ ആക്രമണം പ്രോത്സാഹിപ്പിക്കുന്ന നടപടികൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനം ഇതുവരെ കൈവരിച്ച നേട്ടങ്ങൾ ജനങ്ങളുമായി പങ്കുവയ്ക്കുന്നതിനും നവകേരള സൃഷ്ടിക്കായുള്ള നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിനും ലക്ഷ്യമിട്ടാണ് നവകേരള സദസ്സ് സംഘടിപ്പിച്ചത്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാർ എല്ലാ അസംബ്ലി മണ്ഡലങ്ങളിലും ഔദ്യോഗിക യാത്ര നടത്തിയ അവസരത്തിൽ ജനാധിപത്യപരമായി പ്രതിഷേധം നടത്തിയ ഒരു പ്രവർത്തകർക്കെതിരേയും ആക്രമണം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ജനാധിപത്യപരമായി നടത്തുന്ന പ്രതിഷേധങ്ങളെ പോലീസ് നോക്കിനിൽക്കെ ഭരണപക്ഷ സംഘടനാ പ്രവർത്തകർ അടിച്ചമർത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയമപരമാണോയെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനം ഇതുവരെ കൈവരിച്ച നേട്ടങ്ങൾ ജനങ്ങളുമായി പങ്കുവയ്ക്കുന്നതിനും നവകേരള സൃഷ്ടിക്കായുള്ള നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിനും ലക്ഷ്യമിട്ടാണ് നവകേരള സദസ്സ് സംഘടിപ്പിച്ചത്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാർ എല്ലാ അസംബ്ലി മണ്ഡലങ്ങളിലും ഔദ്യോഗിക യാത്ര നടത്തിയ അവസരത്തിൽ ജനാധിപത്യപരമായി പ്രതിഷേധം നടത്തിയ ഒരു പ്രവർത്തകർക്കെതിരേയും ആക്രമണം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ആലപ്പുഴയിൽ പ്രമുഖ പ്രതിപക്ഷ യുവജന സംഘടനയുടെ ഭിന്നശേഷിക്കാരനായ നേതാവിനെ ഭരണപക്ഷ യുവജന സംഘടനാ പ്രവർത്തകർ മർദിച്ച സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഇത്തരത്തിലുള്ള ആരോപണവുമായി ബന്ധപ്പെട്ട് കായംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നം.1315/23 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും പ്രതിയെ 17.01.2024-ന് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | സമാനമായ സംഭവങ്ങൾ തടയാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | മേൽ സംഭവത്തിൽ രജിസ്റ്റർ ചെയ്ത കേസ് അന്വേഷണ ഘട്ടത്തിലാണ്. അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ